# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 2388      17/08/2017ൽ മറുപടിയ്ക്ക്

## ഗാന്ധി സ്മൃതിവനം


ചോദ്യം
ശ്രീ.പി.കെ.ബഷീർ

ഉത്തരം
ശ്രീ. അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)


| | |
|---|---|
| എ ആലപ്പുഴ ജില്ലയിലെ ജൈവ വൈവിധ്യ സംരക്ഷണം നടത്തുന്നതിനായി വനം വകുപ്പിന് കീഴിൽ ഗാന്ധി സ്മൃതിവനം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിരുന്നോ; | എ ദേശീയ നേതാക്കളുടെ സ്മരണയ്ക്കായി 'സ്മൃതിവനം പദ്ധതി' നടപ്പിലാക്കുവാൻ കേന്ദ്ര പരിസ്ഥിതി -വനം മന്ത്രാലയം മുൻകൈയെടുക്കുകയും അതിൻ പ്രകാരം പ്രസ്തുത പദ്ധതി 8-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. അതിന്റെ ഭാഗമായിട്ടാണ് രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ സ്മരണ യ്ക്കായി 'ഗാന്ധിവനം' എന്ന സ്മൃതിവനം ആലപ്പുഴ ജില്ലയിൽ പുറക്കാട് പഞ്ചായത്തിൽ നടപ്പിലാക്കാൻ 1994 ൽ കേരള സർക്കാർ തീരുമാനിച്ചത്. ( As per Council Decision dated 13.09.1994 item No. 2096) |
| ബി എങ്കിൽ പ്രസ്തുത പദ്ധതിയിൻകീഴിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണന്ന് വ്യക്തമാക്കുമോ; ഇതിനായി നാളിതുവരെ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; | ബി 'സ്മൃതിവനം പദ്ധതി' നടപ്പിലാക്കുന്ന ആവശ്യത്തിനായി പുറക്കാട് പ്രദേശത്ത് 600 ഏക്കർ ചതുപ്പായ സ്ഥലം വാങ്ങുന്നതിന് 15.11.1994 ലെ ജി.ഒ (എം.എസ്) 54/94/വനം നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകുകയും വനം ഏറ്റെടുക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് 154 ലക്ഷം രൂപ നൽകുകയും ചെയ്തു. 1999 മെയ് മാസത്തിനകം 75,62,501 രൂപ ചെലവഴിച്ച് 403.41 ഏക്കർ സ്ഥലം പ്രസ്തുത പദ്ധതിയ്ക്കായി ഏറ്റെടുത്തു. കൂടാതെ കേന്ദ്രസർക്കാരിന്റെ വ്യവസായ വകുപ്പിന്റെ അധീനതയിൽ ആലപ്പുഴ ജില്ലയിൽ കൊമ്മാടിയിലുള്ള 1 ഏക്കർ 2 സെന്റ് സ്ഥലവും അതിലിരിക്കുന്ന കെട്ടിടവും 50,41,240 രൂപമതിപ്പു വിലയ്ക്ക് |

കൈമാറ്റം ചെയ്തു വാങ്ങുന്നവാനും 19.3.1999 ലെ സർക്കാർ ഉത്തരവ് (സാധാ) 111/99/വ.വ.ജീ.വ പ്രകാരം ഉത്തരവായി. (Counsil decision dtd.16.3.99 item No. 2541). 'ഗാന്ധി സ്മൃതി വനം' പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ 600 ഏക്കർ ഭൂമി പൊന്നും വിലയ്ക്ക് ഏറ്റെടുക്കുന്നതിനായി ആദ്യം 154 ലക്ഷം രൂപ രൂപയും അഗസ്ത്യ വനം മേഖലയിൽ ബയോളജിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനായി മാറ്റി വച്ചിരുന്ന 45 ലക്ഷം രൂപ പിന്നീടും ആലപ്പുഴ ജില്ലാ കളക്ടർക്ക് വനം വകുപ്പ് കൈമാറി. 154 ലക്ഷം രൂപ ഉപയോഗിച്ച് 415 ഏക്കർ സ്ഥലം ഏറ്റെടുത്തശേഷം ബാക്കി വന്ന തുകയും വനം വകുപ്പ് രണ്ടാമതായി നൽകിയ 45 ലക്ഷം രൂപയും ചേർന്ന് 2007 ൽ ആലപ്പുഴ ജില്ലാകളക്ടറുടെ അക്കൗണ്ടിൽ 70,86,217 രൂപ നിലവിലുണ്ട്. ഗാന്ധിസ്മൃതിവനം പദ്ധതിയ്ക്കായി വനം വകുപ്പ് വാങ്ങിയ ഭൂമിയിൽ നിന്നും ഒരു ഭാഗം IT പാർക്ക് സ്ഥാപിക്കുന്നതിനായി വിട്ടു കൊടുക്കണമെന്ന് മുഖ്യമന്ത്രി 23.7.2007 ന് വിളിച്ചു ചേർത്ത യോഗത്തിൽ നിർദ്ദേശിച്ചു. അപ്രകാരം റവന്യൂ വകുപ്പ് ഏറ്റെടുത്ത 410.95 ഏക്കറിൽ നിന്നും 100 ഏക്കർ സ്ഥലം GO(Ms) No. 315/2008/RD തീയതി 22.09.2008 പ്രകാരം ഐ.റ്റി പാർക്കിന്റെ ആവശ്യത്തിനായി വിട്ടുകൊടുക്കുകയുണ്ടായിട്ടുണ്ട്. ഐ.റ്റി പാർക്കിന് വിട്ടു കൊടുത്ത 100 ഏക്കർ സ്ഥലത്തിൽ നിന്ന് ഉദ്ദേശം 8 ഏക്കറോളം സ്ഥലം അവർ മണ്ണിട്ടു നികത്തുകയുണ്ടായി. എന്നാൽ, പാരിസ്ഥിതിക പ്രശ്നം വരുമെന്നതിനാൽ സർക്കാർ ഉത്തരവ് GO (Ms) No. 43/2010/ITD തീയതി 10.12.2010 പ്രകാരം ടി ഐ.റ്റി പാർക്ക് പുറക്കാടിൽ നിന്നും തോട്ടപ്പള്ളിയിലേയ്ക്ക് മാറ്റുകയുണ്ടായിട്ടുണ്ട്. IT വകുപ്പിന് പദ്ധതി തുടരുവാൻ താൽപര്യമില്ല എന്ന് അറിയിച്ചതിനെ തുടർന്ന് ടി സ്ഥലം വനം വകുപ്പ് തിരിച്ചെടുക്കുവാൻ ഉത്തരവായി.

എന്ന •പദ്ധതി നിലവിൽ വരുകയും അതിന്റെ നടത്തിപ്പ് കേരള വന വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പക്ഷേ വനം വകുപ്പ് ഏറ്റെടുത്ത പ്ളോട്ടുകൾക്കിട യിൽ ഇനിയും സ്വകാര്യതാമസക്കാരിൽ നിന്നും സ്ഥലങ്ങൾ ഏറ്റെടുക്കുവാനുള്ള തിനാൽ കേരള വനവികസന കോർപ്പറേഷന്റെ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

25.7.2012 ലെ ജി.ഒ (എം.എസ്) നം. 86/12/വ.വ.ജീ.വ പ്രകാരം ഗാന്ധിസ്മൃതി വനം പദ്ധതി നടപ്പാക്കുന്നതിനായി പ്രസ്തുത സ്ഥലം കേരള ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചു. IT പാർക്ക് തുടങ്ങുന്നതിനനുവദിച്ച ഭൂമി വനം വകുപ്പിലേയ്ക്ക്തിരിച്ചെടുക്കാൻ വേണ്ട നടപടികളെടുക്കാനും ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തു.200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ടി പദ്ധതിയിൽ 100 ലക്ഷം രൂപ KFDC 1.04.2013 ൽ കൈപ്പറ്റുകയും തുടർന്ന് പദ്ധതി യ്ക്കുവേണ്ടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കു കയും തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ സഹായത്തോടെ മണ്ണ് സംബന്ധമായ പഠനം നടത്തുകയും പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു.റവന്യൂ വകുപ്പ് പ്രസ്തുത പദ്ധതിയ്ക്കായി വനം വകുപ്പിന് കൈമാറിയ 331 ഏക്കർ ഭൂമിയിൽ അനേകം ഏറ്റെടുക്കപ്പെടാത്ത പ്ളോട്ടുകൾ നിലനിൽക്കുന്നുണ്ടെന്ന് കണ്ടെത്തുകയും തുടർന്ന് ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ഏറ്റെടുക്കപ്പെടാത്ത പ്ളോട്ടുകൾ ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ ഈ നടപടികൾ ഇതുവരെയും പൂർത്തി യാക്കപ്പെട്ടിട്ടില്ല. പ്ലോട്ടുകൾ ഏറ്റെടുക്കുന്നതിലുണ്ടായ കാലതാമസം കാരണം പ്രൊജക്ട് സൈറ്റ് KFDC യ്ക്ക് പൂർണ്ണമായും കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല.

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിലുണ്ടായ കാലതാമസം കാരണം പ്രൊജക്ട് സൈറ്റ് KFDC യ്ക്ക് പൂർണ്ണമായും കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല. |
| സി | കോട്ടയം തിരുവനന്തപുരം ജില്ലകളിൽ പ്രസ്തുത പദ്ധതി ഇപ്പോൾ ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ? | സി | സ്മൃതിവനം പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം പി.ടി.പി നഗറിലുള്ള സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സിന്റെ പരിസരങ്ങളിൽ ദേശീയ നേതാക്കളുടെയും അറിയപ്പെടുന്ന വ്യക്തിത്വങ്ങളുടെയും പേരിൽ 1992- ൽ തൈകൾ നട്ടിട്ടുള്ളതുമാണ്. ഇവയുടെ പരിപാലനവും നോട്ടവും വനം വകുപ്പിന്റെ ഐ.എച്ച്.ആർ.ഡി വിഭാഗം നടത്തിവരുന്നു. കോട്ടയം ജില്ലയിൽ ഗാന്ധി സ്മൃതിവനം എന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ